# തിരുവനന്തപുരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

വിഷയം : മെ.വി.വ - വിദ്യാഭ്യാസകാര്യം - സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദേശ മെഡിക്കൽ ബിരുദധാരികളുടെ (FMG's) ഇന്റേൺഷിപ്പ് സീറ്റ് വിവരങ്ങൾ ആരോഗ്യവകുപ്പിന് കൈമാറിക്കൊണ്ടും, ഈ കാര്യാലയത്തിൽ നിന്നും ഇന്റേൺഷിപ്പിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള **19.01.2026**-ലെ വിജ്ഞാപനം റദ്ദാക്കികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. **GO(Rt)No. 289/2026/H&FWD, Dated: 22.01.2026**

2. ഈ കാര്യാലയത്തിൽ നിന്നും പ്രസിദ്ധീകരിച്ച **19.01.2026**-ലെ **DME/1366/2022-B1** നമ്പർ വിജ്ഞാപനം

## ഉത്തരവ് നമ്പർ ബി1 /1366 /2026/ മെ.വി.വ തീയതി: 24-01-2026

വിദേശ മെഡിക്കൽ ബിരുദധാരികളുടെ (FMG's) ഇന്റേൺഷിപ്പ് അപേക്ഷകൾ സ്വീകരിക്കുന്നതിനും അനുമതി നൽകുന്നതിനും ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആരോഗ്യ വകുപ്പ് തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നും ഇന്റേൺഷിപ്പിനായി മെഡിക്കൽ കോളേജുകളിൽ ഉൾപ്പെടെ ലഭ്യമായ സീറ്റുകളിൽ വിദ്യാർത്ഥികളെ നിയോഗിക്കുവാനും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ വിദേശ മെഡിക്കൽ ബിരുദധാരികളുടെ ഇന്റേൺഷിപ്പിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി മെഡിക്കൽ കോളേജുകളിലെയും ആരോഗ്യ വകുപ്പിന്റെ കിഴിലുള്ള ആശുപത്രികളിലെയും ഇന്റേൺഷിപ്പ് അലോട്ട്മെന്റിനായി പ്രത്യേകം സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിന് പകരം, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്നും ലഭിക്കുന്ന പ്രൊവിഷണത്ത രജിസ്ട്രേഷൻ തീയതിയുടെ ക്രമത്തിൽ ((Registration Priority) ലിസ്റ്റ് തയ്യാറാക്കുന്നതിനും മെഡിക്കൽ കൗൺസിൽ ലഭ്യമാക്കുന്ന പട്ടികയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ സഹകരണത്തോടെ കൃത്യമായ കൗൺസിലിംഗ് നടത്തി വെയ്റ്റിംഗ് ലിസ്റ്റ് തയ്യാറാക്കുന്നതിനും, ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിന് അനുമതി നൽകുന്നതിനും ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.

മേൽ പ്രസ്താവിത സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന **2026**-ലെ നിലവിലെ ഇന്റേൺഷിപ്പ് ഒഴിവുകൾ ആരോഗ്യ വകുപ്പിന് (DHS) കൈമാറി ഉത്തരവാകുന്നു.

1. **Govt Medical College: Thiruvananthapuram - 10 seats**

2. **Govt Medical College: Kollam - 4 seats**

3. **Govt Medical College: Alappuzha - 7 seats**

4. **Govt Medical College: Kottayam - 7 seats**

5. **Govt Medical College: Ernakulam - 4 seats**

6. **Govt Medical College: Thrissur - 7 seats**

7. **Govt Medical College: Manjeri- 4 seats**

8. **Govt Medical College : Kozhikode - 10 seats**

9. **Govt Medical College: Kannur - 4 seats**

10. **Govt Medical College: Palakkad - 4 seats**

11. **Govt Medical College: Idukki - 54 seats**

12. **Govt Medical College: Konni - 54 seats**

13. **Govt Medical College: Wayanad - 27 seats**

14. **Govt Medical College: Kasaragod - 27 seats**

**അകെ ഒഴിവുകൾ : 223 സീറ്റുകൾ**

പ്രസ്തുത ഒഴിവുകളിലേയ്ക്ക് പരാമർശം (1) സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് അലോട്ട്മെന്റ് നടത്തുന്നതിനുള്ള തുടർ നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

മേൽ പ്രസ്താവിത സാഹചര്യത്തിൽ പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (2)-ലെ ഇന്റേൺഷിപ്പ് അലോട്ട്മെന്റിനായുള്ള വിജ്ഞാപനം റദ്ദാക്കി ഉത്തരവാകുന്നു.

Digitally signed by
VISWANATHAN K V
Date: 24-01-2026
11:05:00

**Dr Viswanathan K V**

**DIRECTOR**

സ്വീകർത്താവ്

1. ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം
2. രജിസ്ട്രാർ , കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ, തിരുവനന്തപുരം

3. എല്ലാ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്കും
4. കരുതൽ ഫയൽ /ഓഫീസ് കോപ്പി
5. **DME** വെബ് സൈറ്റ്

പകർപ്പ്: **1. CA to DME/JDME(M)/ JDME(G)/ JDNE/ Special Officer**

**2. AA3 (Academic) / Senior Superintendent (Academic)**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - വിദേശ മെഡിക്കൽ ബിരുദധാരികളുടെ (Foreign Medical Graduates) ഇന്റേൺഷിപ്പിനായി ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ പ്രൊവിഷണൽ രജിസ്ട്രേഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**ആരോഗ്യവും കുടുംബക്ഷേമവും (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.289/2026/H&FWD തീയതി,തിരുവനന്തപുരം, 22-01-2026

---

പരാമർശം:-

1. 05.11.2020-ലെ സ.ഉ (എം.എസ്) നം. 188/2022/ആ.കു.വ
2. 08.02.2023-ലെ സ.ഉ (സാധാ) നം. 305/2023/ആ.കു.വ
3. ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 22.10.2025-ന് ചേർന്ന യോഗത്തിന്റെ മിനിട്സ്.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08.12.2025-ലെ DHS/27856/2025-MC5 നമ്പർ കത്ത് .

**ഉത്തരവ്**

വിദേശ മെഡിക്കൽ വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പിനായി പരാമർശം (1) ഉത്തരവ് പ്രകാരം വിവിധ സർക്കാർ ആശുപത്രികളിൽ സീറ്റുകൾ അനുവദിക്കുകയുണ്ടായി .കൂടാതെ കോവിഡ്,ഉക്രൈൻ യുദ്ധം എന്നിവയുടെ പശ്ചാത്തലത്തിൽ വിദേശ മെഡിക്കൽ വിദ്യാർത്ഥികൾ സമർപ്പിച്ച നിവേദനങ്ങളുടെയും, നാഷണൽ മെഡിക്കൽ കമ്മീഷൻ പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ വിദേശ മെഡിക്കൽ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇന്റേൺഷിപ്പ് ചെയ്യുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) വിദേശ മെഡിക്കൽ ബിരുദധാരികൾക്ക് (FMG) സംസ്ഥാനത്ത് ഇന്റേൺഷിപ്പ് ചെയ്യുന്നതിനായി നിലവിൽ അനുവദിച്ചിട്ടുള്ള സീറ്റുകൾ അപര്യാപ്തമായതിനാൽ, സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്നും ആവശ്യപ്പെട്ട് വിവിധ സംഘടനകൾ സർക്കാരിന് നിവേദനം സമർപ്പിക്കുകയുണ്ടായി.

3) ടി വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 22.10.2025- ൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് അഡിഷണൽ ഡയറക്ടർ (എ &റ്റി ) ,മെഡിക്കൽ വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ (മെഡിക്കൽ), കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രാർ എന്നിവർ 25/11/2025- ൽ ഓൺലൈൻ യോഗം ചേർന്ന് തയ്യാറാക്കിയ വിദേശ മെഡിക്കൽ വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പിനായി കൂടുതൽ സീറ്റുകൾ

അനുവദിക്കുന്നതിനും ഇന്റേൺഷിപ്പിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുമുള്ള ശിപാർശകൾ പരാമർശം (4) കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി .

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു .

i) വിദേശ മെഡിക്കൽ ബിരുദധാരികളുടെ ഇന്റേൺഷിപ്പ് അപേക്ഷകൾ സ്വീകരിക്കുന്നതിനും അനുമതി നൽകുന്നതിനും ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. ആരോഗ്യ വകുപ്പ് തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നും ഇന്റേൺഷിപ്പിനായി മെഡിക്കൽ കോളേജുകളിൽ ഉൾപ്പെടെ ലഭ്യമായ സീറ്റുകളിലേക്ക് വിദ്യാർത്ഥികളെ നിയോഗിക്കേണ്ടതാണ് .

ii) വിദേശ മെഡിക്കൽ ബിരുദധാരികളുടെ ഇന്റേൺഷിപ്പിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി മെഡിക്കൽ കോളേജുകളിലെയും ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലെയും ഇന്റേൺഷിപ്പ് അലോട്ട്മെന്റിനായി പ്രത്യേകം സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിന് പകരം, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്നും ലഭിക്കുന്ന പ്രൊവിഷണൽ രജിസ്ട്രേഷൻ തീയതിയുടെ ക്രമത്തിൽ (Registration Priority) ലിസ്റ്റ് തയ്യാറാക്കുന്നതിനും മെഡിക്കൽ കൗൺസിൽ ലഭ്യമാക്കുന്ന പട്ടികയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ സഹകരണത്തോടെ കൃത്യമായ കൗൺസിലിംഗ് നടത്തി വെയ്റ്റിംഗ് ലിസ്റ്റ് തയ്യാറാക്കുന്നതിനും, ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിന് അനുമതി നൽകുന്നതിനും ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം
രജിസ്ട്രാർ , കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരളം,തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ ,വിവര പൊതുജന സമ്പർക്ക വകുപ്പ് , ഗവ സെക്രട്ടേറിയറ്റ്
കരുതൽ ഫയൽ /ഓഫീസ് കോപ്പി (S3/252/2025-HEALTH)

ഉത്തരവിൻ പ്രകാരം
Signed by
Rashmi D
Date: 23-01-2026 10:25:35
സെക്ഷൻ ഓഫീസർ

പകർപ്പ് :- ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി എ ക്ക്